**പതിനഞ്ചാം കേരള നിയമസഭ**

# പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതി
# (2023-2026)

## പതിനൊന്നാമത് റിപ്പോർട്ട്

(2024 ജൂലൈ 8 -ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[സമിതി(2011-14)യുടെ നാലാമത് റിപ്പോർട്ടിലെ (പ്രവാസി മലയാളികൾ നേരിടുന്ന പ്രശ്നങ്ങളും പരിഹാരമാർഗ്ഗങ്ങളും സംബന്ധിച്ച്) ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്]**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2024

പതിനഞ്ചാം കേരള നിയമസഭ

# പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതി
(2023-2026)

## പതിനൊന്നാമത് റിപ്പോർട്ട്

(2024 ജൂലൈ 8 -ാം തീയതി സഭയിൽ സമർപ്പിച്ചത്)

[സമിതി(2011-14)യുടെ നാലാമത് റിപ്പോർട്ടിലെ (പ്രവാസി മലയാളികൾ നേരിടുന്ന പ്രശ്നങ്ങളും പരിഹാരമാർഗ്ഗങ്ങളും സംബന്ധിച്ച്) ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്]

## ഉള്ളടക്കം

| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| ആമുഖം | .. | vii |
| റിപ്പോർട്ട് | .. | 1 |
| അദ്ധ്യായം I. സമിതിയുടെ ശിപാർശകളും അവയ്ക്ക് സർക്കാരിൽ നിന്ന് ലഭിച്ച മറുപടിയും | .. | |
| അദ്ധ്യായം II. റിപ്പോർട്ടിലെ ഇനിയും മറുപടി ലഭ്യമാക്കാത്ത ശിപാർശകളും സമിതി ആരാഞ്ഞ അധികവിവരങ്ങളും സംബന്ധിച്ച വിശദാംശം | .. | |

## പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതി
## (2023-26)

### ഘടന

**ചെയർമാൻ**

ശ്രീ. എ. സി. മൊയ്തീൻ

**അംഗങ്ങൾ**

ശ്രീ. എ. കെ. എം. അഷ്റഫ്

ഡോ. കെ. ടി. ജലീൽ

ശ്രീ. മാണി സി. കാപ്പൻ

ഡോ. മാത്യു കുഴൽനാടൻ

ശ്രീ. പ്രമോദ് നാരായൺ

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ

ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി

**നിയമസഭാ സെക്രട്ടേറിയറ്റ്**

ഡോ. എൻ. കൃഷ്ണ കുമാർ, സെക്രട്ടറി

ശ്രീമതി സുദർശന കെ., ജോയിന്റ് സെക്രട്ടറി

ശ്രീ. ജയകുമാർ ജി., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി ഷീജ പി. കെ., അണ്ടർ സെക്രട്ടറി

## ആമുഖം

പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതി(2023-2026)യുടെ ചെയർമാനായ ഞാൻ, സമിതി അധികാരപ്പെടുത്തിയതനുസരിച്ച് സമിതിയുടെ പതിനൊന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

പ്രവാസി മലയാളികൾ നേരിടുന്ന പ്രശ്നങ്ങളും പരിഹാരമാർഗ്ഗങ്ങളും സംബന്ധിച്ച് സമിതി നടത്തിയ പഠനത്തെ അടിസ്ഥാനമാക്കിയുള്ള സമിതി(2011-14)യുടെ നാലാമത് റിപ്പോർട്ട് 29.01.2014-ന് സഭയിൽ സമർപ്പിച്ചു. പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ സംബന്ധിച്ച ആക്ഷൻ ടേക്കൺ റിപ്പോർട്ടാണിത്. ഈ റിപ്പോർട്ടിൽ രണ്ട് അധ്യായങ്ങളാണുള്ളത്. സമിതി(2011-14)യുടെ നാലാമത് റിപ്പോർട്ടിലെ ശിപാർശകളും അവയിന്മേൽ സർക്കാരിൽ നിന്ന് ലഭിച്ച മറുപടികളും ഒന്നാം അധ്യായത്തിലും റിപ്പോർട്ടിന്മേൽ ഇനിയും മറുപടി ലഭിക്കാനുള്ള ശിപാർശകളും സമിതി ആരാഞ്ഞ അധികവിവരങ്ങളും സംബന്ധിച്ച വിശദാംശം രണ്ടാം അധ്യായത്തിലും ഉൾപ്പെടുത്തി തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

2024 മേയ് 29-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

തിരുവനന്തപുരം,
2024 ജൂലൈ 8

എ. സി. മൊയ്തീൻ,
*ചെയർമാൻ,*
*പ്രവാസി മലയാളികളുടെ ക്ഷേമം*
*സംബന്ധിച്ച സമിതി.*

# റിപ്പോർട്ട്

പ്രവാസത്തിന് മനുഷ്യകുലത്തോളം തന്നെ ചരിത്രമുണ്ട്. മെച്ചപ്പെട്ട ജീവിത സാഹചര്യങ്ങൾക്ക് വേണ്ടിയുള്ള മനുഷ്യന്റെ അടങ്ങാത്ത ത്വര അവനെ ലോകത്തിന്റെ എല്ലാ കോണുകളിലും എത്തിച്ചു. നിയതമായ ഒരു കാലഘട്ടത്തെ തൊട്ടുകാണിക്കാൻ കഴിയാത്തവണ്ണം സങ്കീർണവും ചരിത്രപരവുമാണ് മലയാളിയുടെ പ്രവാസകാലം. കേരളത്തിലെ ജീവിതനിലവാരം ഇന്നത്തെ രീതിയിലേക്ക് ഉയർത്തികൊണ്ടുവരുന്നതിന് പ്രവാസി മലയാളികൾ നൽകിയ സംഭാവനകൾ വിസ്മരിക്കാവുന്നതല്ല. മലയാളിയുടെ സംസ്കാരം, സാഹിത്യം, വിദ്യാഭ്യാസം, തൊഴിൽ തുടങ്ങിയ എല്ലാ മേഖലകളെയും പുഷ്ടിപ്പെടുത്തുകയും നഗരവും ഗ്രാമവും തമ്മിലുള്ള അതിർ വരമ്പ് ഇല്ലാതാക്കുകയും വികസനത്തിന് ഒരു മാർഗരേഖ ഉണ്ടാക്കുകയും ചെയ്യുന്നതിൽ പ്രവാസം നിർണ്ണായക പങ്ക് വഹിച്ചു. നാടിന്റെ സമ്പദ്‌വ്യവസ്ഥ താങ്ങിനിർത്തിയ പ്രവാസികളെ അവരുടെ ദുരിതകാലത്ത് താങ്ങി നിർത്തേണ്ടത് നമ്മുടെ കടമയാണ്.

പ്രവാസി മലയാളികൾ നേരിടുന്ന പ്രശ്നങ്ങളും പ്രതിസന്ധികളും നേരിട്ട് മനസ്സിലാക്കുന്നതിനും പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനുമായി സമിതി നടത്തിയ അന്തർസംസ്ഥാന പഠനപര്യടനങ്ങളിൽ നിന്നും ഉരുത്തിരിഞ്ഞ നിർദ്ദേശങ്ങളും സമിതിയുടെ ശിപാർശകളും കൂടി ഉൾപ്പെടുത്തി തയ്യാറാക്കിയ പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതി(2011-2014)യുടെ നാലാമത് റിപ്പോർട്ട് (പ്രവാസി മലയാളികൾ നേരിടുന്ന പ്രശ്നങ്ങളും പരിഹാരമാർഗ്ഗങ്ങളും സംബന്ധിച്ച് സമിതി നടത്തിയ പഠനത്തെ അടിസ്ഥാനമാക്കിയുള്ള റിപ്പോർട്ട്) 2014 ജനുവരി 29-ാം തീയതി സഭയിൽ സമർപ്പിക്കുകയുണ്ടായി.

പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതി(2011-2014)യുടെ നാലാമത് റിപ്പോർട്ടിൽ 26 ശിപാർശകളാണ് ഉണ്ടായിരുന്നത്. പ്രസ്തുത ശിപാർശകളിന്മേൽ പൊതുവിദ്യാഭ്യാസം, വിനോദസഞ്ചാരം, ഗതാഗതം, സാംസ്കാരികകാര്യം, ഉന്നത വിദ്യാഭ്യാസം, കേരളീയ പ്രവാസികാര്യം എന്നീ വകുപ്പുകൾ ലഭ്യമാക്കിയ നടപടി പത്രികകൾ 25.02.2015, 16.09.2015, 30.12.2015,

13.01.2016, 09.02.2017, 06.01.2022, 19.10.2022, 21.06.2023, 22.03.2024 എന്നീ തീയതികളിൽ ചേർന്ന യോഗങ്ങളിൽ സമിതി അംഗീകരിക്കുകയുണ്ടായി.

പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതി(2011-2014)യുടെ നാലാമത് റിപ്പോർട്ടിലെ ശിപാർശകൾ/നിർദ്ദേശങ്ങൾ എന്നിവയ്ക്ക് പൊതുവിദ്യാഭ്യാസം, വിനോദസഞ്ചാരം, ഗതാഗതം, സാംസ്കാരികകാര്യം, ഉന്നത വിദ്യാഭ്യാസം, കേരളീയ പ്രവാസികാര്യം എന്നീ വകുപ്പുകളിൽ നിന്നും ലഭിച്ച മറുപടികൾ, അതിന്മേൽ സമിതി ആവശ്യപ്പെട്ട അധികവിവരങ്ങൾ, അവയ്ക്ക് വകുപ്പുകൾ ലഭ്യമാക്കിയ മറുപടികൾ എന്നിവ ഒന്നാം അധ്യായത്തിലും ഇനിയും മറുപടി ലഭിക്കാനുള്ള ശിപാർശകളും അധികവിവരങ്ങളും രണ്ടാം അധ്യായത്തിലും ഉൾപ്പെടുത്തി തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

## അധ്യായം - 1

### സമിതിയുടെ ശിപാർശകളും അവയ്ക്ക് സർക്കാരിൽ നിന്ന് ലഭിച്ച മറുപടിയും

#### ശിപാർശ (ഖണ്ഡിക 13)

തമിഴ്നാട്ടിലെ മലയാളം മാധ്യമത്തിലുള്ള സ്കൂളുകൾക്ക് നൽകിയിരുന്ന ഗ്രാന്റ് പുനഃസ്ഥാപിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

#### ഗവൺമെന്റിൽ നിന്നും ലഭിച്ച മറുപടി

സംസ്ഥാന സർക്കാരിന്റെ സാമ്പത്തികപരിമിതിമൂലം അന്യസംസ്ഥാന മലയാളം മാധ്യമ സ്കൂളുകൾക്ക് നിലവിൽ സർക്കാർ ഗ്രാന്റ് നൽകുന്നില്ല. ഭാരതത്തിലുടനീളം മലയാളഭാഷാ പഠനത്തിനായുള്ള പ്രവർത്തനങ്ങൾ 'മലയാളം മിഷൻ' മുഖേന സർക്കാർ നടത്തിവരുന്നുണ്ട്. ഈ സാഹചര്യത്തിൽ തമിഴ്നാട്ടിലെ മലയാളം മാധ്യമത്തിലുള്ള സ്കൂളുകൾക്ക് നൽകിയിരുന്ന ഗ്രാന്റ് പുനഃസ്ഥാപിക്കണമെന്ന സമിതിയുടെ ശിപാർശ നടപ്പിലാക്കുവാൻ ഇപ്പോൾ കഴിയില്ലായെന്ന് അറിയിക്കുന്നു.

[പൊതുവിദ്യാഭ്യാസ(പി) വകുപ്പ് 05.08.2016-ലെ 59252/പി2/14/ പൊ.വി.വ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട് സമിതിയുടെ 09.02.2017 ലെ യോഗത്തിൽ അംഗീകരിച്ചു]

## ശിപാർശ (ഖണ്ഡിക 14)

ചെന്നൈയിലെ മലയാളികൾക്ക് ഒത്തുചേരുന്നതിനും കലാപരിപാടികൾ അവതരിപ്പിക്കുന്നതിനും ഒരു പൊതുസമ്മേളനവേദിയുടെ അഭാവമുള്ളതായി സമിതിക്ക് ബോധ്യപ്പെട്ടു. ഹാളുകൾക്ക് ഉയർന്ന വാടക നൽകേണ്ട അവസ്ഥയുമുണ്ട്. ചെന്നൈയിൽ പണി പൂർത്തിയായിക്കൊണ്ടിരിക്കുന്ന കേരള ഹൗസിൽ വിവിധ മലയാളി സംഘടനകൾക്കായി 5 മുറികളും ഒരു പൊതുസമ്മേളനവേദിയും കുറഞ്ഞ നിരക്കിൽ അനുവദിക്കാമെന്ന് സർക്കാർ വാഗ്ദാനം നല്കിയിട്ടുള്ളതും ഇതുസംബന്ധിച്ച് ഉത്തരവ് ഇറക്കിയിട്ടുള്ളതുമാണ് [ജി.ഒ. (എം.എസ്.) നമ്പർ 49/11/ടി.എസ്.എം., തീയതി 14.02.2011]. ഇത് മലയാളം മിഷന്റെയും നോർക്കയുടെയും പ്രവർത്തനത്തിനുകൂടി പ്രയോജനപ്പെടുന്നതാണ്. എന്നാൽ മലയാളി സംഘടനകൾക്ക് മുറി അനുവദിച്ചു നൽകിയാൽ ചെന്നൈ കേരള ഹൗസിന് ലഭിക്കാനിടയുള്ള ത്രീ സ്റ്റാർ പദവി നഷ്ടപ്പെട്ടേക്കും എന്ന കാരണത്താൽ സംഘടനകൾക്ക് മുറി അനുവദിക്കാൻ കഴിയില്ലെന്ന നിലപാടാണ് നിലവിൽ കെ.ടി.ഡി.സി. സ്വീകരിച്ചിട്ടുള്ളതെന്ന് സമിതി മുമ്പാകെ ഉന്നയിക്കപ്പെട്ടു. ആയതിനാൽ ചെന്നൈ കേരള ഹൗസിൽ മലയാളി സംഘടനകൾക്ക് കുറഞ്ഞ നിരക്കിൽ 5 മുറികളും പൊതുസമ്മേളനവേദിയും അനുവദിച്ച സർക്കാർ ഉത്തരവ് [ജി.ഒ. (എം.എസ്.) നമ്പർ 49/11/ടി.എസ്.എം., തീയതി 14.02.2011] നടപ്പിലാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

## ഗവൺമെന്റിൽ നിന്നും ലഭിച്ച മറുപടി

ചെന്നൈ കേരളാ ഹൗസിൽ (റെയിൻ ഡ്രോപ്സ്) 5 മുറികളും ഒരു കോൺഫറൻസ് ഹാളും കുറഞ്ഞ നിരക്കിൽ മലയാളി സംഘടനകൾക്ക് നൽകി വരുന്നുണ്ട്.

[വിനോദസഞ്ചാര(സി) വകുപ്പ് 18.01.2017-ലെ 20618/സി3/2014/ടൂറിസം നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട് സമിതിയുടെ 06.01.2022-ലെ യോഗത്തിൽ അംഗീകരിച്ചു]

**ശിപാർശ (ഖണ്ഡിക 15)**

തൊഴിൽ തേടി ചെന്നൈയിലെത്തുന്ന മലയാളി വനിതകൾക്കായി ചെന്നൈ കേരള ഹൗസിൽ വനിതാ ഹോസ്റ്റൽ, ഒരു പകൽ മാത്രം സന്ദർശത്തിനെത്തുന്ന മലയാളികൾക്ക് ഡോർമിറ്ററി/വിശ്രമ സൗകര്യം എന്നിവ ഏർപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**ഗവൺമെന്റിൽ നിന്നും ലഭിച്ച മറുപടി**

03.11.2016 -ലെ സർക്കാർ ഉത്തരവ് G.O. (MS.) No. 315/2006/TSM പ്രകാരം കേരള ഗവൺമെന്റ് 5 മുറികൾ പൂർണ്ണമായും 5 മുറികൾ ഭാഗികമായും (7 ദിവസം മുൻകൂട്ടി അറിയിക്കണം) കേരള ഹൗസിൽ നീക്കിവച്ചിട്ടുണ്ട്. തൊഴിൽ തേടി ചെന്നൈയിൽ എത്തുന്ന മലയാളി വനിതകൾക്ക് ഈ സൗകര്യം പൊതുഭരണ (പൊളിറ്റിക്കൽ) വകുപ്പ് മുഖാന്തിരം പ്രയോജനപ്പെടുത്താവുന്നതാണ്.

[വിനോദസഞ്ചാര(സി) വകുപ്പ് 18.01.2017-ലെ 20618/സി3/2014/ടൂറിസം നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട് സമിതിയുടെ 06.01.2022 -ലെ യോഗത്തിൽ അംഗീകരിച്ചു]

**ശിപാർശ (ഖണ്ഡിക 16)**

ചികിത്സ, ഉപരിപഠനം തുടങ്ങി വിവിധ ആവശ്യങ്ങൾക്കായി ചെന്നൈയിലെത്തുന്ന മലയാളികൾക്ക് കേരള ഹൗസിൽ ഹെൽപ്പ് ഡസ്ക് സംവിധാനം ഒരുക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**ഗവൺമെന്റിൽ നിന്നും ലഭിച്ച മറുപടി**

നോർക്ക വകുപ്പിന്റെ പ്രവർത്തനങ്ങൾ ചെന്നൈയിലെ മലയാളികളുടെ

ഇടയിൽ കൂടുതൽ വ്യാപിപ്പിക്കുന്നതിനും സേവനങ്ങൾ താമസംവിനാ ലഭ്യമാക്കുന്നതിനും വേണ്ടി നോർക്ക റൂട്ട്സിന്റെ ഒരു സാറ്റലൈറ്റ് ഓഫീസ് ചെന്നൈയിൽ 2011 നവംബർ മാസം മുതൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. നിലവിൽ ഈ ഓഫീസ് കോൺഫെഡറേഷൻ ഓഫ് തമിഴ്നാട് മലയാളി അസോസിയേഷന്റെ ഓഫീസ് കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. കെ.റ്റി.ഡി.സി. യുടെ ചെന്നൈയിലുള്ള ബിസിനസ് ഹോട്ടലായ 'റെയിൻ ഡ്രോപ്പ്സ് ' ൽ നോർക്ക റൂട്ട്സിന് സർക്കാർ, ഓഫീസ് മുറി അനുവദിച്ചിട്ടുണ്ട്. ഓഫീസിന്റെ പ്രവർത്തനം 01.09.2015 മുതൽ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

[കേരളീയ പ്രവാസികാര്യ വകുപ്പ് 11.08.2015-ലെ 1955/ബി2/2014/നോർക്ക നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട് സമിതിയുടെ 16.09.2015-ലെ യോഗത്തിൽ അംഗീകരിച്ചു]

<u>ശിപാർശ (ഖണ്ഡിക 17)</u>

ചെന്നൈയിലെത്തുന്ന മലയാളികൾക്ക് ചെലവ് കുറഞ്ഞതും സ്വാദിഷ്ഠവുമായ നാടൻ ഭക്ഷണം ലഭിക്കുന്നതിന് കേരള ഹൗസിൽ ക്യാന്റീൻ സൗകര്യം ഏർപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>ഗവൺമെന്റിൽ നിന്നും ലഭിച്ച മറുപടി</u>

ചെന്നൈയിലെത്തുന്ന മലയാളികൾക്ക് ചെലവ് കുറഞ്ഞ നാടൻ ഭക്ഷണം നൽകാൻ കേരള ഹൗസിൽ ക്യാന്റീൻ സൗകര്യം ഏർപ്പെടുത്താൻ ഇപ്പോഴത്തെ സാഹചര്യത്തിൽ നിർവ്വാഹമില്ലെന്ന് കേരള ടൂറിസം ഡവലപ്മെന്റ് കോർപ്പറേഷൻ അറിയിച്ചിട്ടുണ്ട്.

[വിനോദസഞ്ചാര(സി) വകുപ്പ് 18.01.2017-ലെ 20618/സി3/2014/ടൂറിസം നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട് സമിതിയുടെ 06.01.2022-ലെ യോഗത്തിൽ അംഗീകരിച്ചു]

**ശിപാർശ (ഖണ്ഡിക 18)**

മറുനാടൻ മലയാളികൾ പൊതുവായി കടുത്ത യാത്രാദുരിതം അനുഭവിക്കുന്നതായി സമിതി മനസ്സിലാക്കുന്നു. പോത്തനൂർ വഴി പോയിരുന്ന ചെന്നൈ-ആലപ്പി എക്സ്പ്രസ്സ് കോയമ്പത്തൂർ വഴി റൂട്ട് മാറ്റിയാൽ ചെന്നൈ മലയാളികൾക്ക് ലഭിക്കേണ്ട റിസർവേഷൻ ക്വാട്ട കുറയും എന്നതു സംബന്ധിച്ച് നിരവധി പരാതികൾ സമിതിക്ക് ലഭിക്കുകയുണ്ടായി. ആകയാൽ പോത്തനൂർ വഴി പോയിരുന്ന തീവണ്ടികൾ തുടർന്നും അതുവഴിതന്നെ പോകാൻ വേണ്ട നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**ശിപാർശ (ഖണ്ഡിക 19)**

പാലക്കാട്ടും തിരുവനന്തപുരത്തും യാത്ര അവസാനിക്കേണ്ട തീവണ്ടികൾ കോയമ്പത്തൂരിലേക്കും നാഗർകോവിലിലേക്കും യാത്ര നീട്ടുന്നുണ്ട്. എന്നാൽ തമിഴ്നാട്ടിലെ ഒരു തീവണ്ടിയും ഇത്തരത്തിൽ കേരളത്തിലേക്ക് യാത്ര നീട്ടുന്നില്ല എന്നത് നിഷേധിക്കാൻ കഴിയാത്ത ഒരു യാഥാർത്ഥ്യമാണ്. ആയതിനാൽ ചെന്നൈയിൽ നിന്നുള്ള യാത്രക്കാരുടെ ആവശ്യം മുൻനിർത്തി ചെന്നൈയിൽ നിന്നും കോയമ്പത്തൂർ വരെ പോകുന്ന ചേരൻ എക്സ്പ്രസ്സ്, കോവൈ എക്സ്പ്രസ്സ്, തുരന്തോ എക്സ്പ്രസ്സ് എന്നിവ ഷൊർണ്ണൂർ വരെ നീട്ടുന്നത് ചെന്നൈയിലുള്ള മലയാളികൾക്ക് വളരെ പ്രയോജനകരമാകും എന്നതിനാൽ ഇതിനാവശ്യമായ നടപടി ഉണ്ടാകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**ശിപാർശ (ഖണ്ഡിക 20)**

ചെന്നൈ സെൻട്രൽ റെയിൽവേ സ്റ്റേഷനിൽനിന്നും 25 കി.മീ. അകലെ സ്ഥിതി ചെയ്യുന്നതും ഏകദേശം രണ്ട് ലക്ഷത്തോളം മലയാളികൾ താമസിക്കുന്നതുമായ ആവഡിയിൽ മാംഗ്ലൂർ-ചെന്നൈ മെയിലിന് സ്റ്റോപ്പ് അനുവദിക്കാത്തതിനാൽ കേരളത്തിൽനിന്നുള്ള യാത്രക്കാർ വളരെയേറെ കഷ്ടത അനുഭവിക്കുന്നതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ലക്ഷക്കണക്കിന്

മലയാളികൾ താമസിക്കുന്ന ആവഡിയിൽ മാംഗ്ലൂർ-ചെന്നൈ മെയിലിന് സ്റ്റോപ്പ് അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. ചെന്നൈ-തിരുവനന്തപുരം, ചെന്നൈ-മംഗലാപുരം എന്നീ റൂട്ടുകളിൽ ഓരോ പുതിയ തീവണ്ടികൾ ആരംഭിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

**ഖണ്ഡിക 18, 19, 20 എന്നിവയിലെ ശിപാർശകളിന്മേൽ ഗവൺമെന്റിൽ നിന്നും ലഭിച്ച മറുപടി**

നിയമസഭാസമിതിയുടെ മേൽഖണ്ഡികകളിലെ ശിപാർശകളിന്മേൽ നടപടികൾ സ്വീകരിച്ച്, സ്വീകരിച്ച നടപടി അറിയിക്കാൻ തിരുവനന്തപുരം ഡിവിഷണൽ റെയിൽവേ മാനേജരോടും പാലക്കാട് ഡിവിഷണൽ റെയിൽവേ മാനേജരോടും സംസ്ഥാന സർക്കാർ അഭ്യർത്ഥിച്ചിരുന്നു. പ്രസ്തുത ശിപാർശകൾ എല്ലാംതന്നെ കേന്ദ്ര റെയിൽവേ ബോർഡിന്റെ നയപരമായ തീരുമാനം വേണ്ട വിഷയമാണെന്നതിനാൽ ദക്ഷിണ റെയിൽ ആസ്ഥാനത്തേക്ക് ശിപാർശ ചെയ്യുമെന്നാണ് തിരുവനന്തപുരം, പാലക്കാട് ഡിവിഷണൽ റെയിൽവേ മാനേജർമാർ അറിയിച്ചിട്ടുള്ളത്. യാത്രക്കാരുടെ സാന്ദ്രത, ലൈൻ കപ്പാസിറ്റി തുടങ്ങിയ വിവിധ ഘടകങ്ങൾ പരിഗണിച്ചാണ് റെയിൽവേ ബോർഡ് ട്രെയിനുകളുടെ റൂട്ട്, സമയം, ട്രെയിനുകളുടെ ആവർത്തനക്രമം (Frequency) തുടങ്ങിയവ നിശ്ചയിക്കുന്നതും മാറ്റം വരുത്തുന്നതും. ഇക്കാര്യത്തിൽ സംസ്ഥാന സർക്കാരിന് അധികാരങ്ങളൊന്നുമില്ല. സമിതി ശിപാർശകൾ സംസ്ഥാന സർക്കാർ അനന്തര നടപടികൾക്കായി റെയിൽവേയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

[ഗതാഗത(ഡി) വകുപ്പ് 26.11.2015 -ലെ 3871/ഡി2/2014/ഗതാ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട് സമിതിയുടെ 30.12.2015 -ലെ യോഗത്തിൽ അംഗീകരിച്ചു]

**ശിപാർശ (ഖണ്ഡിക 22)**

അന്യസംസ്ഥാനങ്ങളിൽ ഉന്നതവിദ്യാഭ്യാസത്തിനോ ജോലി ലഭിക്കുന്നതിനോ മലയാളഭാഷയുടെ ആവശ്യമില്ലായെന്നിരിക്കിലും വിദ്യാലയങ്ങളിൽ

മലയാളഭാഷാപഠനം സാധ്യമാകാത്ത സാഹചര്യത്തിൽ കുട്ടികളെ മലയാളം പഠിപ്പിക്കുന്നതിനുള്ള ശ്രമം മലയാളി സംഘടനകളിൽ നിന്നുണ്ടാകണമെന്ന് സമിതി അഭിപ്രായപ്പെടുന്നു. പുതിയ തലമുറയിലെ കുട്ടികളെ സ്കൂളിലല്ലാതെതന്നെ മലയാളം പഠിപ്പിക്കുന്നതിനുള്ള കേരള സർക്കാരിന്റെ അനൗപചാരിക വിദ്യാഭ്യാസ പദ്ധതിയായ 'മലയാളം മിഷൻ'-ന്റെ പ്രവർത്തനം അവിടത്തെ മലയാളി സംഘടനകളുടെ സഹകരണത്തോടെ ആൻഡമാനിൽ നടപ്പിലാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**ഗവൺമെന്റിൽ നിന്നും ലഭിച്ച മറുപടി**

ആൻഡമാനിൽ മലയാളം മിഷൻ മേഖലാ പഠനകേന്ദ്രം പ്രവർത്തിക്കുന്നുണ്ട്. ഏകദേശം ഇരുന്നൂറോളം കുട്ടികൾ അവിടെ പഠനപ്രവർത്തനങ്ങളിൽ ഏർപ്പെട്ടിട്ടുണ്ട്. കുട്ടികളുടെ രജിസ്ട്രേഷൻ നടപടികൾ പുരോഗമിക്കുന്നു.

[സാംസ്കാരികകാര്യ(സി) വകുപ്പ് 23.02.2021-ലെ സി1/104/2017-സാം.കാ.വ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട് സമിതിയുടെ 06.01.2022-ലെ യോഗത്തിൽ അംഗീകരിച്ചു]

**ശിപാർശ (ഖണ്ഡിക 23)**

ആൻഡമാനിലെ മലയാളിയുടെ സാംസ്കാരികത്തനിമയും കലാഭിരുചിയും അന്യം നിന്നുപോകാതിരിക്കാനായി കേരള ലളിതകലാ അക്കാദമി, കേരള സംഗീത നാടക അക്കാദമി തുടങ്ങിവയുടെ ആഭിമുഖ്യത്തിൽ ആൻഡമാനിൽ വർഷത്തിലൊരിക്കൽ കലാപരിപാടികൾ സംഘടിപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**ഗവൺമെന്റിൽ നിന്നും ലഭിച്ച മറുപടി**

ആൻഡമാനിലെ മലയാളികളുടെ സാംസ്കാരികത്തനിമയും കലാഭിരുചിയും അന്യംനിന്നുപോകാതിരിക്കാനായി ആൻഡമാനിൽ വിവിധ കലാ-സാംസ്കാരിക പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിന് തയ്യാറാണെന്നും ആയതിന്മേൽ തുടർനടപടി സ്വീകരിച്ച് വരുന്നതായും കേരള ലളിതകലാ അക്കാദമിയുടേയും, കേരള

സംഗീത നാടക അക്കാദമി അധികൃതരും അറിയിച്ചിട്ടുണ്ട്.

[സാംസ്കാരികകാര്യ(എ) വകുപ്പ് 26.10.2019-ലെ എ 2/163/2017-സാം.കാ.വ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട് സമിതിയുടെ 06.01.2022-ലെ യോഗത്തിൽ പരിഗണിക്കുകയും ചുവടെപ്പറയുന്ന അധികവിവരം ആരായുകയും ചെയ്തു]

## സമിതി ആരാഞ്ഞ അധിക വിവരം

ആൻഡമാനിൽ വിവിധ കലാ-സാംസ്കാരിക പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിന് കേരള ലളിതകലാ അക്കാഡമിയും കേരള സംഗീത നാടക അക്കാഡമിയും സ്വീകരിച്ച നടപടികൾ സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കുവാൻ നിർദ്ദേശിച്ചു.

മേൽപ്പറഞ്ഞ അധിക വിവരത്തിന്മേൽ സാംസ്കാരികകാര്യ (എ) വകുപ്പിൽ നിന്നും നടപടി റിപ്പോർട്ട് ലഭ്യമായിട്ടില്ല.

## ശിപാർശ (ഖണ്ഡിക 24)

രാജ്യത്തിന്റെ സ്വാതന്ത്ര്യത്തിനുവേണ്ടി പടപൊരുതിയതിന്റെ പേരിൽ നാടുകടത്തപ്പെട്ടവരുടെ പിൻതലമുറക്കാരായ ആൻഡമാൻ മലയാളികൾക്ക് സ്വന്തം നാട്ടുമായി ബന്ധപ്പെടുന്നതിനുള്ള സൗകര്യങ്ങൾ വളരെ കുറവാണെന്ന് സമിതി മനസ്സിലാക്കുന്നു. കേരളത്തിൽ നിന്ന് ആൻഡമാനിലേക്ക് നിലവിൽ നേരിട്ടുള്ള ഫ്ലൈറ്റ് സർവ്വീസില്ലായെന്നത് യാത്രാദുരിതം വർദ്ധിപ്പിക്കുന്നതായി സമിതിക്ക് ബോധ്യപ്പെട്ടു. ആയതിനാൽ, നെടുമ്പാശ്ശേരിയിൽ നിന്നും ആൻഡമാനിലേക്ക് പ്രതിവാര വിമാന സർവ്വീസ് തുടങ്ങാൻവേണ്ട നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ഗവൺമെന്റിൽ നിന്നും ലഭിച്ച മറുപടി

കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിൽ നിന്നും ചെന്നൈ വഴി ആൻഡമാനിലേക്ക് വിമാന സർവ്വീസുണ്ട്. M/s. Spice Jet കൊച്ചിയിൽ നിന്നും

ആൻഡമാനിലേക്കും തിരികെയും ദിനംപ്രതി സർവ്വീസ് നടത്തുന്നുണ്ട്. കൊച്ചി-ചെന്നൈ-ആൻഡമാൻ, ആൻഡമാൻ-ചെന്നൈ-കൊച്ചി എന്ന സെക്ടറിലാണ് സർവ്വീസ് നടത്തുന്നത്

[ഗതാഗത(ഡി) വകുപ്പ് 14.12.2015-ലെ 6168/ഡി2/2014/ഗതാ നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട് സമിതിയുടെ 13.01.2016-ലെ യോഗത്തിൽ അംഗീകരിച്ചു]

**ശിപാർശ (ഖണ്ഡിക 25)**

ആൻഡമാനിലെ മലയാളികളുടെ യുവതലമുറയ്ക്ക് കേരളവുമായുള്ള സാംസ്കാരിക സമ്പർക്കത്തിന് വഴിതെളിക്കുന്നതിനായി കേരളത്തിലെ സർവ്വകലാശാലകളിൽ ആൻഡമാനിൽനിന്നുള്ള മലയാളി വിദ്യാർത്ഥികൾക്ക് ഉപരിപഠനത്തിന് സീറ്റുകൾ സംവരണം ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**ഗവൺമെന്റിൽ നിന്നും ലഭിച്ച മറുപടി**

യു.ജി., പി.ജി. കോഴ്സുകൾക്ക് നിലവിൽ ആൻഡമാനിൽ നിന്നുള്ള മലയാളി വിദ്യാർത്ഥികൾക്ക് സീറ്റ് നീക്കിവച്ചിട്ടുണ്ടെന്ന് കേരള, മഹാത്മാഗാന്ധി സർവ്വകലാശാലകൾ അറിയിച്ചിട്ടുണ്ട്. ആൻഡമാനിൽ നിന്നുള്ള വിദ്യാർത്ഥികൾക്ക് കാലിക്കറ്റ് സർവ്വകലാശാലയിൽ സീറ്റുകൾ സംവരണം ചെയ്തിട്ടുണ്ടെങ്കിലും മിക്ക അവസരങ്ങളിലും ആൻഡമാനിൽ നിന്നുള്ള വിദ്യാർത്ഥികൾ പ്രവേശനം നേടാറില്ല എന്നതിനാൽ ടി സീറ്റുകൾ ആൻഡമാൻ അഡ്മിനിസ്ട്രേഷന്റെ അനുമതിയോടുകൂടി വരുന്ന അവിടുത്തെ മലയാളി വിദ്യാർത്ഥികൾക്കും പ്രയോജനപ്പെടുത്താവുന്നതാണ് എന്ന് കാലിക്കറ്റ് സർവ്വകലാശാല റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ആൻഡമാനിൽ നിന്നുള്ള മലയാളി വിദ്യാർത്ഥികൾക്ക് സീറ്റ് സംവരണം ചെയ്തിട്ടില്ല എന്ന് സംസ്കൃത സർവ്വകലാശാലയും പ്രസ്തുത ശിപാർശ നടപ്പിലാക്കുന്നതിൽ വിയോജിപ്പില്ല എന്ന് കണ്ണൂർ, മലയാളം സർവ്വകലാശാലകളും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പ്രസ്തുത ആവശ്യം നിരാകരിക്കുവാൻ സിൻഡിക്കേറ്റ്

തീരുമാനമെടുത്തിട്ടുണ്ടെന്നാണ് കുസാറ്റ് റിപ്പോർട്ട് ചെയ്തിരിക്കുന്നത്. ആൻഡമാനിൽ നിന്നുള്ള മലയാളി വിദ്യാർത്ഥികൾക്ക് ഉപരിപഠനത്തിന് സൂപ്പർന്യൂമററിയായി സീറ്റുകൾ സംവരണം ചെയ്യുന്ന വിഷയം സർവ്വകലാശാലയുടെ എക്സിക്യൂട്ടീവ് കൗൺസിലിന്റെ പരിഗണനയ്ക്കായി സമർപ്പിച്ച് ഉചിതമായ നടപടികൾ സ്വീകരിക്കുമെന്ന് 'നുവാൽസ്' അധികൃതർ അറിയിച്ചിട്ടുണ്ട്.

[ഉന്നത വിദ്യാഭ്യാസ(ബി) വകുപ്പ് 25.05.2022-ലെ ബി3/153/2020/HEDN നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട് സമിതിയുടെ 19.10.2022 -ലെ യോഗത്തിൽ പരിഗണിക്കുകയും ചുവടെ പറയുന്ന അധിക വിവരം ആരായുകയും ചെയ്തു]

## സമിതി ആരാഞ്ഞ അധിക വിവരം

കേരളത്തിലെ സർവ്വകലാശാലകളിൽ ആൻഡമാനിൽ നിന്നുള്ള വിദ്യാർത്ഥികൾക്ക് ഉപരിപഠനത്തിന് സീറ്റ് സംവരണം ചെയ്യണമെന്ന സമിതി ശിപാർശ നിരാകരിക്കുവാൻ തീരുമാനിച്ച കുസാറ്റിനോട് സൂപ്പർന്യൂമററിയായി സീറ്റുകൾ വർദ്ധിപ്പിച്ച് സംവരണം ചെയ്യുന്ന വിഷയം പരിഗണിക്കണമെന്ന് നിർദ്ദേശിച്ചു.

## സമിതി ആരാഞ്ഞ അധികവിവരത്തിന് ഗവൺമെന്റിൽ നിന്നും ലഭിച്ച മറുപടി

സമിതിയുടെ നിർദേശം പരിഗണിച്ച കുസാറ്റ് 31.12.2022, 04.03.2023 എന്നീ തീയതികളിൽ കൂടിയ സിൻഡിക്കേറ്റ് യോഗത്തിൽ മുൻ തീരുമാനം പുനഃപരിശോധിക്കുകയും കുസാറ്റിലെ എല്ലാ യു.ജി. ഇന്റഗ്രേറ്റഡ് പി.ജി. പ്രോഗ്രാമുകളിലും ആൻഡമാനിൽ നിന്നുള്ള മലയാളി വിദ്യാർത്ഥികൾക്ക് ഒരു സീറ്റ് സൂപ്പർന്യൂമററി ആയി മാറ്റി വയ്ക്കാൻ തീരുമാനിക്കുകയും ചെയ്തിട്ടുള്ള വിവരം സമിതിയെ അറിയിക്കുന്നു.

[ഉന്നതവിദ്യാഭ്യാസ(ഇ) വകുപ്പ് 27.04.2023-ലെ ഇ 2/53/2022/ഉ.വി.വ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ അധിക വിവര റിപ്പോർട്ട് സമിതിയുടെ 21.06.2023-ലെ

യോഗത്തിൽ പരിഗണിക്കുകയും ചുവടെ പറയുന്ന അധിക വിവരം ആരായുകയും ചെയ്തു.

<u>സമിതി ആരാഞ്ഞ അധിക വിവരം</u>

ആൻഡമാനിൽ നിന്നുള്ള മലയാളി വിദ്യാർത്ഥികൾക്കായി സീറ്റ് സൂപ്പർ ന്യൂമററി ആയി മാറ്റിവയ്ക്കുന്നതിനുപകരം ഒരു സ്ഥിരം സീറ്റ് അനുവദിക്കാനാകുമോ-യെന്ന് പരിശോധിച്ച് ആയത് സംബന്ധിച്ച അന്തിമ റിപ്പോർട്ട് ലഭ്യമാക്കുവാൻ നിർദ്ദേശിച്ചു.

<u>അധിക വിവരത്തിന് ഗവൺമെന്റിൽ നിന്നും ലഭിച്ച റിപ്പോർട്ട്</u>

കുസാറ്റിന്റെ 27.10.2023 -ൽ കൂടിയ സിൻഡിക്കേറ്റ് യോഗം, സമിതിയുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ, ആൻഡമാനിൽ നിന്നുള്ള മലയാളി വിദ്യാർത്ഥികൾക്കായി കൊച്ചി സർവ്വകലാശാലയിലെ എല്ലാ യു.ജി., പി.ജി. പ്രോഗ്രാമുകൾക്കും സീറ്റ് സൂപ്പർന്യൂമററി ആയി മാറ്റിവയ്ക്കുന്നതിനുപകരം ഒരു സ്ഥിരം സീറ്റ് അനുവദിക്കാനാകുമോ എന്ന വിഷയം പരിഗണിക്കുകയും ആൻഡമാനിൽ നിന്നുള്ള മലയാളി വിദ്യാർത്ഥികൾക്ക് ഉപരിപഠനത്തിന് സർവ്വകലാശാലയിലെ എല്ലാ യു.ജി., പി.ജി. പ്രോഗ്രാമുകൾക്കും ഒരു സീറ്റ് സൂപ്പർന്യൂമററി ആയി മാറ്റിവച്ചിട്ടുള്ള നിലവിലെ സ്ഥിതി തുടരാൻ തീരുമാനിക്കുകയുമാണ് ചെയ്തിട്ടുള്ളത് എന്ന് സർവ്വകലാശാല രജിസ്ട്രാർ അറിയിച്ചിട്ടുള്ള വിവരം സമിതി മുമ്പാകെ അറിയിക്കുന്നു.

[ഉന്നതവിദ്യാഭ്യാസ(ഇ) വകുപ്പ് 14.12.2023-ലെ ഇ 2/53/2022/ഉ.വി.വ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ അധികവിവര റിപ്പോർട്ട് സമിതിയുടെ 22.03.2024-ലെ യോഗത്തിൽ അംഗീകരിച്ചു]

<u>ശിപാർശ (ഖണ്ഡിക 26)</u>

2004 -ലെ സുനാമി ദുരന്തം ഏറ്റവും അധികം നാശംവിതച്ചത് ആൻഡമാൻ നിക്കോബാർ ദ്വീപുകളിലാണ്. സുനാമിയിൽപ്പെട്ട് കൃഷിഭൂമി നശിച്ചുപോയവർക്ക്

കേന്ദ്രസർക്കാർ നഷ്ടപരിഹാരം നൽകുന്നുണ്ടെങ്കിലും പകരമായി പ്രസ്തുത ഭൂമി സർക്കാർ ഏറ്റെടുക്കുന്നു. അതോടെ കർഷകർക്ക് ഭൂമി മാത്രമല്ല അവന്റെ ജീവനോപാധിയും നഷ്ടമാകുന്നു. ആയതിനാൽ, സുനാമിയിൽപ്പെട്ട് വെള്ളത്തി-നടിയിലായ ഭൂമി സർക്കാർ ഏറ്റെടുക്കുന്നതിനുപകരം ഭൂമിയുടെ അവകാശം ഉടമകളിൽത്തന്നെ നിക്ഷിപ്തമാക്കി നഷ്ടപരിഹാരം നൽകണമെന്നും ഇവിടെ മത്സ്യകൃഷി അടക്കമുള്ള പദ്ധതികൾ നടത്തുന്നതിന് ഭൂവുടമകളെക്കൂടി പങ്കാളികളാക്കണമെന്നും ഇതിലേക്കായി കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

**<u>ഗവൺമെന്റിൽ നിന്നും ലഭിച്ച മറുപടി</u>**

നിയമസഭാസമിതിയുടെ ശിപാർശ കേന്ദ്ര ആഭ്യന്തരവകുപ്പിന്റെയും, ആൻഡമാൻ ആന്റ് നിക്കോബാർ ഭരണകൂടത്തിന്റെയും ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

[കേരളീയ പ്രവാസികാര്യ വകുപ്പ് 11.08.2015-ലെ 1955/ബി2/2014/നോർക്ക നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട് സമിതിയുടെ 16.09.2015-ലെ യോഗത്തിൽ അംഗീകരിച്ചു]

**<u>ശിപാർശ (ഖണ്ഡിക 27)</u>**

ജീവനോപാധിതേടി പലയിടത്തേക്കും പലായനം ചെയ്ത അവസരത്തിൽ ആദ്യകാലത്ത് മലയാളികൾ കൂടുതലായി ആശ്രയിച്ച സ്ഥലമാണ് കൊൽക്കത്ത. മലയാളിയുടെ അധ്വാനമായിരുന്നു അക്കാലത്തെ കൊൽക്കത്തയിലെ ചണമില്ലുകളുടെ നിലനില്പിനാധാരം. എന്നാൽ, ഇന്ന് കൊൽക്കത്തയിൽ മലയാളികളുടെ അംഗസംഖ്യ തുലോം പരിമിതമാണ്. മാത്രമല്ല ലക്ഷക്കണക്കിന് ബംഗാളികൾ കേരളത്തിൽ തൊഴിൽ ചെയ്തു ജീവിക്കുന്ന സാഹചര്യവും സംജാതമായി. യാത്രാപ്രശ്നമാണ് കൊൽക്കത്തയിൽ അവശേഷിക്കുന്ന മലയാളികളുടെ പ്രധാന പ്രശ്നം. ബംഗാളിലെ മലയാളികൾക്കും കേരളത്തിലെ ബംഗാളികൾക്കും കേരളത്തിലേക്കും തിരിച്ചും യാത്ര ചെയ്യുന്നതിന് നിലവിൽ

ആഴ്ചയിൽ 3 ട്രെയിനുകൾ മാത്രമാണുള്ളത്. യാത്രക്കാരുടെ ബാഹുല്യം നിമിത്തം റിസർവേഷൻ ലഭിക്കാത്ത അവസ്ഥയുമുണ്ട്. മാത്രമല്ല ഈ 3 ട്രെയിനുകളും ബംഗാളിൽ നിന്നും യാത്ര പുറപ്പെടുന്നത് ഷാലിമാർ എന്ന താരതമ്യേന ചെറിയ സ്റ്റേഷനിൽ നിന്നാണ് എന്നത് യാത്രക്കാർക്കും യാത്ര അയയ്ക്കാൻ വരുന്നവർക്കും കടുത്ത പ്രയാസങ്ങൾ സൃഷ്ടിക്കുന്നുമുണ്ട്. ആയതിനാൽ, യാത്രക്കാരുടെ ബാഹുല്യവും യാത്രാസൗകര്യവും പരിഗണിച്ച് കൊൽക്കത്തയിലെ ഹൗറ സ്റ്റേഷനിൽ നിന്നും കേരളത്തിലേക്ക് ദിവസേന ഒരു സൂപ്പർഫാസ്റ്റ് എക്സ്പ്രസ് ട്രെയിൻ സർവ്വീസ് ആരംഭിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>ഗവൺമെന്റിൽ നിന്നും ലഭിച്ച മറുപടി</u>

നിയമസഭാസമിതിയുടെ മേൽ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ സ്വീകരിച്ച നടപടി അറിയിക്കാൻ തിരുവനന്തപുരം ഡിവിഷണൽ റെയിൽവേ മാനേജരോടും പാലക്കാട് ഡിവിഷണൽ റെയിൽവേ മാനേജരോടും സംസ്ഥാന സർക്കാർ അഭ്യർത്ഥിച്ചിരുന്നു. പ്രസ്തുത ശിപാർശകൾ എല്ലാം തന്നെ കേന്ദ്ര റെയിൽവേ ബോർഡിന്റെ നയപരമായ തീരുമാനം വേണ്ട വിഷയമാണെന്നതിനാൽ ദക്ഷിണ റെയിൽ ആസ്ഥാനത്തേക്ക് ശിപാർശ ചെയ്യുമെന്നാണ് തിരുവനന്തപുരം, പാലക്കാട് ഡിവിഷണൽ റെയിൽവേ മാനേജർമാർ അറിയിച്ചിട്ടുള്ളത്. യാത്രക്കാരുടെ സാന്ദ്രത, ലൈൻ കപ്പാസിറ്റി തുടങ്ങിയ വിവിധ ഘടകങ്ങൾ പരിഗണിച്ചാണ് റെയിൽവേ ബോർഡ് ട്രെയിനുകളുടെ റൂട്ട്, സമയം, ട്രെയിനുകളുടെ ആവർത്തനക്രമം (Frequency) തുടങ്ങിയവ നിശ്ചയിക്കുന്നതും മാറ്റം വരുത്തുന്നതും. ഇക്കാര്യത്തിൽ സംസ്ഥാന സർക്കാരിന് അധികാരങ്ങളൊന്നുമില്ല. സമിതി ശിപാർശകൾ സംസ്ഥാന സർക്കാർ അനന്തര നടപടികൾക്കായി റെയിൽവേയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

[ഗതാഗത(ഡി) വകുപ്പ് 26.11.2015-ലെ 3871/ഡി2/2014/ഗതാ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട് സമിതിയുടെ 30.12.2015-ലെ യോഗത്തിൽ അംഗീകരിച്ചു]

<u>ശിപാർശ (ഖണ്ഡിക 28)</u>

കൊൽക്കത്തയിൽ പലയിടത്തും മലയാളഭാഷ പഠിക്കുന്നതിനുള്ള സൗകര്യങ്ങൾ മലയാളം മിഷൻ വഴി നടപ്പിലാക്കുന്നുണ്ട്. എങ്കിലും സാമ്പത്തിക പ്രതിസന്ധിമൂലം പഠനം മുടങ്ങുന്ന അവസ്ഥയുള്ളതായി സമിതിക്ക് ബോധ്യപ്പെട്ടു. അതിനാൽ, കൊൽക്കത്തയിലെ മലയാളം മിഷന്റെ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>ഗവൺമെന്റിൽ നിന്നും ലഭിച്ച മറുപടി</u>

മലയാളം മിഷൻ ഡയറക്ടർ 2019 ഏപ്രിലിൽ കൊൽക്കത്ത സന്ദർശിക്കുകയും മലയാളം മിഷൻ കൊൽക്കത്ത ചാപ്റ്റർ രൂപീകരിക്കുകയും ചെയ്തു. 8 അധ്യാപകരും അറുപതോളം പഠിതാക്കളും നിലവിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. രജിസ്ട്രേഷൻ നടപടികൾ പുരോഗമിക്കുന്നു.

[സാംസ്കാരികകാര്യ(സി) വകുപ്പ് 23.02.2021-ലെ സി1/104/2017-സാം.കാ.വ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട് സമിതിയുടെ 06.01.2022-ലെ യോഗത്തിൽ അംഗീകരിച്ചു]

<u>ശിപാർശ (ഖണ്ഡിക 29)</u>

ഇന്ത്യയുടെ സാംസ്കാരികകേന്ദ്രമായാണ് കൊൽക്കത്ത അറിയപ്പെടുന്നത്. കലാസാംസ്കാരികരംഗത്ത് കേരളവും ബംഗാളും തമ്മിൽ സമാനതകളുമുണ്ട്. രണ്ട് സംസ്ഥാനങ്ങളും തമ്മിലുള്ള സാംസ്കാരിക സമന്വയത്തിന് ഗുണകരമാകത്തക്ക വിധത്തിൽ കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന്റെ ആനുകൂല്യങ്ങൾ ലഭ്യമാക്കി കൊൽക്കത്തയിൽ മലയാളികൾക്ക് പ്രയോജനം ലഭിക്കുന്ന രീതിയിൽ പൊതു ലൈബ്രറി ആരംഭിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>ഗവൺമെന്റിൽ നിന്നും ലഭിച്ച മറുപടി</u>

കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന്റെ പ്രവർത്തനമേഖല കേരളത്തിനുള്ളിൽ മാത്രമായാണ് വിഭാവനം ചെയ്തിരിക്കുന്നത്. റൂൾ ഭേദഗതി

വരുത്തുന്നതിനായി നയപരമായ തീരുമാനം ആവശ്യമാണ്. റൂൾ ഭേദഗതി ചെയ്യുന്ന മുറയ്ക്ക് ബഹു. സമിതിയുടെ ശിപാർശ നടപ്പിലാക്കാവുന്നതാണ്.

[ഉന്നത വിദ്യാഭ്യാസ(എ) വകുപ്പ് 18.12.2014-ലെ 14455/എ 1/2014/ ഉ.വി.വ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട് സമിതിയുടെ 25.02.2015-ലെ യോഗത്തിൽ അംഗീകരിച്ചു]

## ശിപാർശ (ഖണ്ഡിക 30)

കൊൽക്കത്തയിലെ മലയാളികൾക്ക് ഒന്നിച്ചുകൂടുന്നതിനും കലാപരിപാടികൾ അവതരിപ്പിക്കുന്നതിനുമായി അവിടെ ഒരു സാംസ്കാരിക കേന്ദ്രം സ്ഥാപിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ എല്ലാ വർഷവും കൊൽക്കത്തയിൽ സാംസ്കാരിക പരിപാടികൾ സംഘടിപ്പിക്കുന്നതിനുള്ള ഒരു സംവിധാനം ഉണ്ടാകണമെന്നും സമിതി നിർദ്ദേശിക്കുന്നു.

## ഗവൺമെന്റിൽ നിന്നും ലഭിച്ച മറുപടി

കൊൽക്കത്തയിൽ മലയാളികൾക്ക് ഒന്നിച്ചുകൂടുന്നതിന് ഒരു സാംസ്കാരിക കേന്ദ്രം സ്ഥാപിക്കുന്നതിന് ഭൂമി ലഭ്യമാവുന്ന കാര്യം പരിശോധിച്ച് വരികയാണ്. ഇക്കാര്യത്തിൽ പശ്ചിമബംഗാൾ സർക്കാരുമായി ബന്ധപ്പെട്ട് തുടർനടപടി സ്വീകരിക്കുന്നതിനായി സാംസ്കാരിക വകുപ്പ് ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

[സാംസ്കാരികകാര്യ(എ) വകുപ്പ് 26.10.2019-ലെ എ 2/163/2017/ സാം.കാ.വ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട് സമിതിയുടെ 06.01.2022-ലെ യോഗത്തിൽ പരിഗണിക്കുകയും ചുവടെപ്പറയുന്ന അധിക വിവരം ആരായുകയും ചെയ്തു]

## സമിതി ആരാഞ്ഞ അധിക വിവരം

കൊൽക്കത്തയിൽ മലയാളികൾക്ക് ഒന്നിച്ചുകൂടുന്നതിനായി സാംസ്കാരിക കേന്ദ്രം സ്ഥാപിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടിയുടെ നിലവിലെ സ്ഥിതി

സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കുവാൻ നിർദ്ദേശിച്ചു.

മേൽപ്പറഞ്ഞ അധിക വിവരത്തിന്മേൽ സാംസ്കാരികകാര്യ (എ) വകുപ്പിൽ നിന്നും നടപടി റിപ്പോർട്ട് ലഭ്യമായിട്ടില്ല.

**<u>ശിപാർശ (ഖണ്ഡിക 31)</u>**

പ്രതിഭാധനരായ നിരവധി കലാകാരന്മാർക്ക് ജന്മം നല്കിയ നാടാണ് കൊൽക്കത്ത. കേരളത്തിൽനിന്നടക്കമുള്ള അനവധി പ്രഗത്ഭരെ കലയുടേയും സാഹിത്യത്തിന്റേയും ലോകത്തിലേക്ക് നയിച്ചതിൽ കൊൽക്കത്തയിലെ പാഠശാലകൾ വഹിച്ച പങ്ക് വളരെ വലുതാണ്. മഹാകവി കുമാരനാശാന്റെ പ്രതിമ കൊൽക്കത്തയിൽ അദ്ദേഹം പഠിച്ച സംസ്കൃത കോളേജിന് മുമ്പിൽ സ്ഥാപിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**<u>ഗവൺമെന്റിൽ നിന്നും ലഭിച്ച മറുപടി</u>**

കൊൽക്കത്തയിൽ മലയാളികൾക്ക് ഒന്നിച്ചുകൂടുന്നതിന് ഒരു സാംസ്കാരിക കേന്ദ്രം സ്ഥാപിക്കുന്ന മുറയ്ക്ക് കൊൽക്കത്തയിൽ മഹാകവി കുമാരനാശാന്റെ പ്രതിമ സ്ഥാപിക്കുന്ന വിഷയം പരിശോധിക്കുന്നതാണ്.

[സാംസ്കാരികകാര്യ(എ) വകുപ്പ് 26.10.2019-ലെ എ 2/163/2017-സാം.കാ.വ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട് സമിതിയുടെ 06.01.2022-ലെ യോഗത്തിൽ അംഗീകരിച്ചു]

**<u>ശിപാർശ (ഖണ്ഡിക 32)</u>**

കേരളത്തിലെത്തുന്ന ദേശീയ ടൂറിസ്റ്റുകളിൽ വലിയൊരു സംഖ്യ ബംഗാളിൽ നിന്നാണ്. അതിനാൽ കേരളത്തിന്റെ വിനോദസഞ്ചാര വികസനത്തിനായി അവിടത്തെ മലയാളി സമാജങ്ങളുടെ സഹകരണത്തോടെ കൊൽക്കത്തയിൽ ഒരു ടൂറിസം മേള സംഘടിപ്പിക്കണം എന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ഗവൺമെന്റിൽ നിന്നും ലഭിച്ച മറുപടി

ആഭ്യന്തര വിനോദസഞ്ചാരികളുടെ ആഗമന സ്ഥിതിവിവരക്കണക്കുകളുടെ അടിസ്ഥാനത്തിലാണ് വിവിധ സംസ്ഥാനങ്ങളിലെ പ്രചരണ പ്രവർത്തനങ്ങൾ വിനോദസഞ്ചാര വകുപ്പ് ആവിഷ്കരിക്കുന്നത്. ആയതിന്റെ അടിസ്ഥാനത്തിൽ വിവിധ സംസ്ഥാനങ്ങളിലെ ടൂറിസം മേളകളിലും മറ്റും സംസ്ഥാന ടൂറിസം വകുപ്പ് പങ്കെടുത്തുവരുന്നുണ്ട്. കൊൽക്കത്തയിൽ ടൂറിസം മേള സംഘടിപ്പിക്കണമെന്ന ആവശ്യത്തിന്മേൽ ഉചിതമായ അവസരത്തിൽ നടപടി സ്വീകരിക്കുന്നതാണ്.

[വിനോദസഞ്ചാര(സി) വകുപ്പ് 18.01.2017-ലെ 20618/സി3/2014/ടൂറിസം നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട് സമിതിയുടെ 06.01.2022-ലെ യോഗത്തിൽ അംഗീകരിച്ചു]

## ശിപാർശ (ഖണ്ഡിക 33)

ചണ്ഡിഗഡ് വളരെയധികം മലയാളികൾ താമസിക്കുന്ന ഒരു സ്ഥലമാണ്. എന്നാൽ, ചണ്ഡിഗഡിൽ നിന്നും കേരളത്തിലേക്ക് യാത്രാസൗകര്യങ്ങൾ വളരെ കുറവാണെന്ന് സമിതിക്ക് ബോദ്ധ്യപ്പെട്ടു. ആയതിനാൽ ചണ്ഡിഗഡിൽ നിന്നും കേരളത്തിലേക്കുള്ള പ്രതിവാര ട്രെയിനായ സംബർക്ക്ക്രാന്തി എക്സ്പ്രസ്സ് ആഴ്ചയിൽ മൂന്ന് തവണയാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ഗവൺമെന്റിൽ നിന്നും ലഭിച്ച മറുപടി

നിയമസഭാ സമിതിയുടെ മേൽഖണ്ഡികകളിലെ ശിപാർശകളിന്മേൽ നടപടികൾ സ്വീകരിച്ച് സ്വീകരിച്ച നടപടി അറിയിക്കാൻ തിരുവനന്തപുരം ഡിവിഷണൽ റെയിൽവേ മാനേജരോടും പാലക്കാട് ഡിവിഷണൽ റെയിൽവേ മാനേജരോടും സംസ്ഥാന സർക്കാർ അഭ്യർത്ഥിച്ചിരുന്നു. പ്രസ്തുത ശിപാർശകൾ എല്ലാംതന്നെ കേന്ദ്ര റെയിൽവേ ബോർഡിന്റെ നയപരമായ തീരുമാനം വേണ്ട വിഷയമാണെന്നതിനാൽ ദക്ഷിണ റെയിൽ ആസ്ഥാനത്തേക്ക് ശിപാർശ ചെയ്യുമെന്നാണ് തിരുവനന്തപുരം, പാലക്കാട് ഡിവിഷണൽ റെയിൽവേ

മാനേജർമാർ അറിയിച്ചിട്ടുള്ളത്. യാത്രക്കാരുടെ സാന്ദ്രത, ലൈൻ കപ്പാസിറ്റി തുടങ്ങിയ വിവിധ ഘടകങ്ങൾ പരിഗണിച്ചാണ് റെയിൽവേ ബോർഡ് ട്രെയിനുകളുടെ റൂട്ട്, സമയം, ട്രെയിനുകളുടെ ആവർത്തനക്രമം (Frequency) തുടങ്ങിയവ നിശ്ചയിക്കുന്നതും മാറ്റം വരുത്തുന്നതും. ഇക്കാര്യത്തിൽ സംസ്ഥാന സർക്കാരിന് അധികാരങ്ങളൊന്നുമില്ല. സമിതി ശിപാർശകൾ സംസ്ഥാന സർക്കാർ അനന്തര നടപടികൾക്കായി റെയിൽവേയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

[ഗതാഗത(ഡി) വകുപ്പ് 26.11.2015-ലെ 3871/ഡി2/2014/ഗതാ നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട് സമിതിയുടെ 30.12.2015-ലെ യോഗത്തിൽ അംഗീകരിച്ചു]

**ശിപാർശ (ഖണ്ഡിക 34)**

ചണ്ഡിഗഢിലെ മലയാളികളുടെ യുവതലമുറക്കിടയിൽ മലയാളഭാഷയുടെ ഉപയോഗവും പ്രചാരവും കുറഞ്ഞുവരുന്നതായി സമിതിക്ക് മനസ്സിലാക്കാൻ കഴിഞ്ഞു. മാതൃഭാഷയും സംസ്കാരവും ചണ്ഡിഗഢിലെ മലയാളികൾക്ക് കൈമോശം വന്നുപോകാതിരിക്കുന്നതിനായി മറുനാടൻ മലയാളി സംഘടനകളുടെ സഹായത്തോടെ കേരള സർക്കാരിന്റെ അനൗപചാരിക വിദ്യാഭ്യാസ പദ്ധതിയായ 'മലയാളം മിഷൻ' ന്റെ ചണ്ഡിഗഢിലെ പ്രവർത്തനം മെച്ചപ്പെടുത്തണമെന്നും പ്രയോജനപ്രദമാക്കണമെന്നും സമിതി അഭിപ്രായപ്പെടുന്നു.

**ഗവൺമെന്റിൽ നിന്നും ലഭിച്ച മറുപടി**

ഹരിയാനയിലും പഞ്ചാബിലും മലയാളം മിഷൻ പഠനകേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ട്. മലയാളികൾ കൂടുതലുള്ള സമീപപ്രദേശങ്ങളിലേക്കുകൂടി മിഷൻ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

[സാംസ്കാരികകാര്യ(സി) വകുപ്പ് 23.02.2021-ലെ സി1/104/2017-സാം.കാ.വ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട് സമിതിയുടെ 06.01.2022-ലെ യോഗത്തിൽ അംഗീകരിച്ചു]

## ശിപാർശ (ഖണ്ഡിക 35)

സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന പ്രവാസികളെയും തിരിച്ചുവന്ന പ്രവാസികളെയും സഹായിക്കുന്നതിനായി രൂപീകരിച്ച പ്രവാസി കേരളീയ ക്ഷേമ ബോർഡ് വിവിധ ക്ഷേമപദ്ധതികൾ ആവിഷ്കരിക്കുന്നുണ്ട്. എങ്കിലും നിയമപരമായ സങ്കീർണ്ണതകൾമൂലം അപേക്ഷകന് യഥാസമയം ആനുകൂല്യം ലഭ്യമാകാത്ത അവസ്ഥയാണുള്ളതെന്ന് സന്ദർശനവേളയിൽ വിവിധ മലയാളി സംഘടനകൾ സമിതിയെ അറിയിച്ചു. ധനസഹായം ലഭിക്കുന്നതിന് വരുമാന സർട്ടിഫിക്കറ്റ് ഹാജരാക്കണം എന്ന നിബന്ധന അസംഘടിത മേഖലയിൽ ജോലി ചെയ്യുന്ന താഴ്ന്ന വരുമാനക്കാരായ തൊഴിലാളികൾക്ക് കടുത്ത പ്രയാസങ്ങൾ സൃഷ്ടിക്കുന്നതായി സമിതി മനസ്സിലാക്കുന്നു. കൂടാതെ, ആനുകൂല്യം ലഭിക്കുന്നതിന് നോർക്കയുടെ ബോർഡ് മീറ്റിംഗ് കൂടുന്നതുവരെ കാത്തിരിക്കേണ്ട അവസ്ഥയുമുണ്ട്. അർഹരായ അപേക്ഷകർക്ക് കാലതാമസം കൂടാതെ ആനുകൂല്യം ലഭ്യമാക്കുന്നതിന് നടപടിക്രമങ്ങൾ ലഘൂകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ഗവൺമെന്റിൽ നിന്നും ലഭിച്ച മറുപടി

പ്രവാസി ക്ഷേമനിധിയിൽ നിന്നും അംഗങ്ങൾക്ക് നൽകിവരുന്ന ആനുകൂല്യങ്ങളിൽ വരുമാനപരിധി നിശ്ചയിച്ചിരുന്നത് കുടുംബപെൻഷൻ അനുവദിക്കുന്നതിന് മാത്രമാണ്. നിലവിൽ ഈ വ്യവസ്ഥ ഒഴിവാക്കിയിട്ടുണ്ട്.

പ്രവാസി ക്ഷേമനിധി അംഗങ്ങൾക്ക് നൽകിവരുന്ന മറ്റ് ആനുകൂല്യങ്ങളായ ചികിത്സാ ധനസഹായം, മരണാനന്തര ധനസഹായം, വിവാഹ ധനസഹായം, പ്രസവാനുകല്യം, വിദ്യാഭ്യാസ ആനുകൂല്യം എന്നിവ ബോർഡ് യോഗത്തിന്റെ അനുമതിയോടുകൂടിയാണ് നൽകി വരുന്നത്. മൂന്ന് മാസത്തിലൊരിക്കൽ കൃത്യമായി ബോർഡ് യോഗം ചേർന്ന് അർഹരായവർക്ക് ആനുകൂല്യം നല്കിവരുന്നുണ്ട്. നിലവിൽ ആനുകൂല്യങ്ങൾ അനുവദിക്കേണ്ട അപേക്ഷകൾ ബാക്കിയില്ല.

[കേരളീയ പ്രവാസികാര്യ വകുപ്പ് 11.08.2015-ലെ 1955/ബി2/2014/നോർക്ക

നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട് സമിതിയുടെ 16.09.2015-ലെ യോഗത്തിൽ അംഗീകരിച്ചു]

**ശിപാർശ (ഖണ്ഡിക 37)**

മറുനാടുകളിൽവച്ച് മരണമടയുന്ന പ്രവാസികളുടെ മൃതശരീരം നാട്ടിലേക്ക് കൊണ്ടുവരുന്നതിനും മരണാനന്തര ധനസഹായം കാലതാമസം കൂടാതെ ലഭ്യമാക്കുന്നതിനുമുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കണമെന്നും മൃതശരീരം എത്രയും വേഗം നാട്ടിലെത്തിക്കുന്നതിന് വിമാനത്തിൽ എമർജൻസി ക്വാട്ട സംവിധാനം ഒരുക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

**ഗവൺമെന്റിൽ നിന്നും ലഭിച്ച മറുപടി**

വിദേശത്ത് വച്ച് മരണപ്പെടുന്ന പ്രവാസികളുടെ മൃതദേഹം നാട്ടിലെത്തിക്കുന്നതിന് ചെലവായ തുകയുടെ അടിസ്ഥാനത്തിൽ പരമാവധി 50,000/- രൂപയും അന്യസംസ്ഥാനത്ത് വച്ച് മരണപ്പെടുന്നവരുടെ മൃതദേഹം നാട്ടിലെത്തിക്കുന്നതിന് പരമാവധി 10,000/- രൂപയും 'കാരുണ്യം' പദ്ധതി പ്രകാരം ധനസഹായം നൽകുന്നുണ്ട്. മൃതദേഹങ്ങൾ നാട്ടിലെത്തിക്കുന്നതിന് എമർജൻസി ക്വാട്ട സമ്പ്രദായം ഏർപ്പെടുത്തണമെന്ന ആവശ്യം കേന്ദ്ര വ്യോമയാന മന്ത്രാലയത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

[കേരളീയ പ്രവാസികാര്യ വകുപ്പ് 11.08.2015-ലെ 1955/ബി2/2014/നോർക്ക നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട് സമിതിയുടെ 16.09.2015-ലെ യോഗത്തിൽ അംഗീകരിച്ചു]

**ശിപാർശ (ഖണ്ഡിക 38)**

ഡൽഹിയിൽ നോർക്കയുടെ ഓഫീസ് ഉണ്ടെങ്കിലും സ്വന്തമായി വാഹനം ഇല്ലാത്തതിനാൽ റോഡ് ആക്സിഡന്റ് കേസ്സുകൾ ഉണ്ടാകുമ്പോൾ നോർക്ക ഉദ്യോഗസ്ഥർക്ക് അപകടസ്ഥലത്ത് യഥാസമയം എത്തിച്ചേരാൻ കഴിയാത്ത അവസ്ഥ ഉണ്ടാകുന്നതായി നോർക്ക റൂട്ട്സ് അണ്ടർ സെക്രട്ടറി സമിതിയെ അറിയിച്ചു. അതിനാൽ, ഡൽഹിയിൽ നോർക്ക ഓഫീസിന് സ്വന്തമായി ഒരു വാഹനം

അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ, ചണ്ഡിഗഢിൽ നോർക്കയുടെ ഒരു സാറ്റലൈറ്റ് ഓഫീസ് തുടങ്ങണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

**ഗവൺമെന്റിൽ നിന്നും ലഭിച്ച മറുപടി**

ന്യൂഡൽഹിയിലെ എൻ.ആർ.ഐ. ഡെവലപ്മെന്റ് ഓഫീസിന്റെ ആവശ്യത്തിനായി നടപടിക്രമങ്ങൾ പാലിച്ച് പ്രതിമാസ വാടകയ്ക്ക് വാഹനം ഏർപ്പെടുത്തുന്നതിന് അനുവാദം നല്കിയിട്ടുണ്ട്.

നിലവിൽ നോർക്ക റൂട്ട്സിന്റെ മുംബൈ, ഡൽഹി എന്നിവിടങ്ങളിൽ ഡവലപ്മെന്റ് ഓഫീസുകളും, ബംഗളൂരു, ചെന്നൈ, ഹൈദരാബാദ്, ബറോഡ എന്നിവിടങ്ങളിൽ സാറ്റലൈറ്റ് ഓഫീസുകളും പ്രവർത്തിക്കുന്നുണ്ട്. ചണ്ഡിഗഢിൽ സാറ്റലൈറ്റ് ഓഫീസ് തുടങ്ങുന്നതിന് ബന്ധപ്പെട്ട മലയാളി സംഘടനകളുമായി ചർച്ച ചെയ്ത് നടപടി സ്വീകരിക്കുന്നതാണ്.

[കേരളീയ പ്രവാസികാര്യ വകുപ്പ് 11.08.2015-ലെ 1955/ബി2/2014/ നോർക്ക നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട് സമിതിയുടെ 16.09.2015-ലെ യോഗത്തിൽ അംഗീകരിച്ചു]

## അധ്യായം – II

### റിപ്പോർട്ടിലെ ഇനിയും മറുപടി ലഭ്യമാക്കാത്ത ശിപാർശകളും സമിതി ആരാഞ്ഞ അധിക വിവരങ്ങളും സംബന്ധിച്ച വിശദാംശം

**ശിപാർശ (ഖണ്ഡിക 11)**

മറ്റ് ഭാഷകളെ അംഗീകരിക്കുന്ന ഒരു സാംസ്കാരികബോധം കേരള ജനതയ്ക്കുണ്ടെന്ന് നമുക്ക് അഭിമാനിക്കാം. തമിഴ്നാടിനനുകൂലമായി സുപ്രീം കോടതി വിധിയുണ്ടെങ്കിലും, കേരളത്തിൽ തമിഴ് അടക്കമുള്ള എല്ലാ ഭാഷാ ന്യൂനപക്ഷങ്ങൾക്കും അവരവരുടെ മാതൃഭാഷ പഠിക്കാൻ അവസരമുള്ള സാഹചര്യത്തിൽ, തമിഴ്നാട്ടിലെ മലയാളി വിദ്യാർത്ഥികൾക്കും അതിനുള്ള

അവസരം നൽകേണ്ടതാണെന്ന് സമിതി കരുതുന്നു. തമിഴ്നാട്ടിലെ മലയാളി വിദ്യാർത്ഥികൾക്ക് സ്കൂളുകളിൽ മലയാളഭാഷാ പഠനത്തിന് അവസരമുണ്ടാകുന്നതിന് മുഖ്യമന്ത്രിതലത്തിൽ ചർച്ച നടത്തണമെന്നും ഇതിനായി കേരള സർക്കാർ മുൻകൈ എടുക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

മേൽ ശിപാർശയിന്മേൽ പൊതുവിദ്യാഭ്യാസ വകുപ്പിൽ നിന്ന് നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല.

**ശിപാർശ (ഖണ്ഡിക 12)**

തമിഴ്നാട്ടിൽ സെക്കന്ററി, ഹയർ സെക്കന്ററി പരീക്ഷകളിൽ മലയാളത്തിന് ഏറ്റവും കൂടുതൽ മാർക്ക് വാങ്ങുന്ന വിദ്യാർത്ഥികൾക്ക് കേരള സർക്കാർ 'എഴുത്തച്ഛൻ സ്മാരക സുവർണ്ണ പുരസ്കാരം' നൽകിവന്നിരുന്നത് കുറച്ചുകാലമായി നിർത്തി വച്ചിട്ടുള്ളതായി സമിതി മനസ്സിലാക്കുന്നു. മറുനാടൻ മലയാളി വിദ്യാർത്ഥികൾക്ക് മലയാളം പഠിക്കുന്നതിന് പ്രസ്തുത അവാർഡ് ഒരു പ്രചോദനം ആകുമെന്നതിനാൽ എഴുത്തച്ഛൻ സ്മാരക സുവർണ്ണ പുരസ്കാരം പുനഃസ്ഥാപിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

മേൽ ശിപാർശയിന്മേൽ പൊതുവിദ്യാഭ്യാസ വകുപ്പിൽ നിന്ന് നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല

**ശിപാർശ (ഖണ്ഡിക 23)**

**സമിതി ആരാഞ്ഞ അധിക വിവരം**

ആൻഡമാനിൽ വിവിധ കലാ-സാംസ്കാരിക പ്രവർത്തനങ്ങൾ സംഘടിപ്പി-ക്കുന്നതിന് കേരള ലളിതകലാ അക്കാഡമിയും കേരള സംഗീത നാടക അക്കാഡമിയും സ്വീകരിച്ച നടപടികൾ സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കുവാൻ നിർദ്ദേശിച്ചു.

മേൽപ്പറഞ്ഞ അധിക വിവരത്തിന്മേൽ സാംസ്കാരികകാര്യ(എ) വകുപ്പിൽ നിന്നും നടപടി റിപ്പോർട്ട് ലഭ്യമായിട്ടില്ല.

**<u>ശിപാർശ (ഖണ്ഡിക 30)</u>**

**<u>സമിതി ആരാഞ്ഞ അധിക വിവരം</u>**

കൊൽക്കത്തയിൽ മലയാളികൾക്ക് ഒന്നിച്ചുകൂടുന്നതിനായി സാംസ്കാരിക കേന്ദ്രം സ്ഥാപിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടിയുടെ നിലവിലെ സ്ഥിതി സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കുവാൻ നിർദ്ദേശിച്ചു.

മേൽപ്പറഞ്ഞ അധിക വിവരത്തിന്മേൽ സാംസ്കാരികകാര്യ(എ) വകുപ്പിൽ നിന്നും നടപടി റിപ്പോർട്ട് ലഭ്യമായിട്ടില്ല.

പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതി(2011-2014)യുടെ നാലാമത് റിപ്പോർട്ടിലെ ഖണ്ഡിക 11, 12 എന്നിവയിലെ ശിപാർശകളിന്മേൽ പൊതുവിദ്യാഭ്യാസ വകുപ്പിൽ നിന്ന് നാളിതുവരെ റിപ്പോർട്ട് ലഭിച്ചിട്ടില്ല. കൂടാതെ ഖണ്ഡിക 23, 30 എന്നിവയിലെ ശിപാർശകളിന്മേൽ 06.01.2022-ലെ യോഗത്തിൽ സമിതി ആരാഞ്ഞ അധിക വിവരത്തിന് സാംസ്കാരികകാര്യ വകുപ്പിൽനിന്നും നടപടി റിപ്പോർട്ട് ലഭിച്ചിട്ടില്ല. <u>ആയതിനാൽ മേൽ ശിപാർശകളിന്മേലും സമിതി ആരാഞ്ഞ അധിക വിവരങ്ങളിന്മേലും സ്വീകരിച്ച നടപടി സംബന്ധിച്ച റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

**എ. സി. മൊയ്തീൻ,**
*ചെയർമാൻ,*
*പ്രവാസി മലയാളികളുടെ ക്ഷേമം*
*സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2024 മേയ് 29